## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3665 25.06.2013 -ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി. ക്ക് നിലവിലുള്ള ബാധ്യത

ചോദ്യം ഉത്തരം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : ശ്രീ. ആര്യാടൻ മുഹമ്മദ്
" രാജു എബ്രഹാം : (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)
" ടി. വി. രാജേഷ് :
" വി. ചെന്താമരാക്ഷൻ :

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.ക്ക് ഏതെല്ലാം സ്ഥാപനങ്ങളിൽനിന്നാ യി എന്തു തുകയുടെ വായ്പ യാണ് നിലവിലുള്ളത് ; | (എ) | 31.05.2013 ലെ കണക്കനുസരിച്ച് കെ.എസ്. ആർ.ടി.സി. കെ.റ്റി.ഡി.എഫ്.സിയിൽ നിന്നും 1111.78 കോടി രൂപയുടെ വായ്പയെടുത്തിട്ടുണ്ട് കെ.എസ്.ആർ.ടി. സിയ്ക്ക് ഹഡ്കോയിൽ 72.95 കോടി രൂപയുടേയും എൽ.ഐ.സി.യിൽ 60 കോടി രൂപയുടേയും വായ്പാ ബാദ്ധ്യത ഉണ്ട്. |
| (ബി) | കെ.ടി.ഡി.എഫ്.സി, ഹഡ്കോ എന്നിവയിൽ നിന്ന് എടുത്തിട്ടുള്ള വായ്പയുടെ പലിശയിനത്തിൽ എന്തു തുകയാണ് ഓരോ മാസവും അടയ്ക്കേണ്ടത് ; | (ബി) | കെ.എസ്.ആർ.ടി.സി. പല മാസങ്ങളിലും കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും വായ്പ എടുക്കാറുണ്ട്. ആയതിനാൽ പ്രതിമാസ പലിശ ഓരോ മാസവും വ്യത്യാസ പ്പെട്ടിരിക്കും. 2013 മാർച്ച് മാസം കെ.എസ്.ആർ.ടി.സി.യിൽ നിന്നും 12.72 കോടി രൂപയും 2013 ഏപ്രിൽ മാസം 12.63 കോടി രൂപയും 2013 മേയ് മാസം 13.38 കോടി രൂപയും കെ.റ്റി.ഡി.എഫ്.സി പലിശ ഇനത്തിൽ കെ.എസ്.ആർ.ടി.സി.യിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ഹഡ്കോയ്ക്ക് 1.87 കോടി രൂപയും നൽകിവരുന്നുണ്ട്. |
| (സി) | കെ.ടി.ഡി.എഫ്.സി.-യുടെ പലിശ കുറവു ചെയ്യുന്നതിന് എന്തെങ്കി ലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) | ഉണ്ട്. കെ.റ്റി.ഡി.എഫ്.സി, കെ.എസ്.ആർ. ടി.സി.യിൽ നിന്നും പലിശ ഈടാക്കുന്നത് കെ.റ്റി.ഡി.എഫി.സി.യുടെ കോസ്റ്റ് ഓഫ് ഫണ്ടിനേക്കാൾ 0.5% അധികമായിട്ടാണ്. |

| | | | |
|---|---|---|---|
| | | | കെ.റ്റി.ഡി.എഫ്.സി.യുടെ കോസ്റ്റ് ഓഫ് ഫണ്ടിൽ കുറവുവരുന്നതിനനുസരിച്ച് കെ.എസ്.ആർ.ടി.സി.യ്ക്കു നല്കുന്ന വായ്പയുടെ പലിശയിനത്തിൽ കുറവു വരുന്നതാണ്. |
| (ഡി) | കെ.ടി.ഡി.എഫ്.സി. യുടെ പലിശ കുറയ്ക്കുന്നത് മൂലം ആ സ്ഥാപനത്തിനുള്ള നഷ്ടം കുറയ്ക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (ഡി) | കെ.റ്റി.ഡി.എഫ്.സി.യുടെ കോസ്റ്റ് ഓഫ് ഫണ്ട് നിശ്ചയിക്കുന്നത് സ്ഥിര നിക്ഷേപങ്ങൾക്ക് മേലുള്ള പലിശയുടേയും സർക്കാരിനു നല്കുന്ന ഗ്യാരന്റി കമ്മീഷന്റേയും, ഫണ്ട് അറേഞ്ചേഴ്സിന് നല്കുന്ന ബ്രോക്കറേജിന്റേയും, കെ.റ്റി.ഡി.എഫ്.സി എടുത്തിട്ടുള്ള വായ്പയുടെ പലിശയുടേയും, ഭരണപരമായ ചിലവുകളുടേയും അടിസ്ഥാനത്തിലാണ്. കോസ്റ്റ് ഓഫ് ഫണ്ടിന്റെ അടിസ്ഥാനത്തിൽ പലിശ നിശ്ചയിക്കുന്നതുമൂലം കെ.റ്റി.ഡി.എഫ്.സി.യ്ക്കു സാമ്പത്തിക നഷ്ടം ഉണ്ടാകാറില്ല. |

സെക്ഷൻ ഓഫീസർ